എസ്.സി4/12453/16

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം,
തിരുവനന്തപുരം
തീയതി 30/07/2016.

## നോട്ടീസ്

വിഷയം- ജീവനക്കാര്യം- പൊ.മ.വ - മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. അരുൺ തോമസിനെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന- 1. ഉത്തരവ് നമ്പർ എസ് സി4/14935/11 തീയതി 15/04/2016.
2. 14/07/2016-ലെ കത്ത് നമ്പർ A9/1839/2016.

സൂചനയിലെ കത്തിലൂടെ, പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ്സ് ഡിവിഷൻ, കോട്ടയത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി ഓഫീസിലെ മൂന്നാം ഗ്രേഡ് ഓവർസിയറായ ശ്രീ.അരുൺ തോമസിനെ, സൂചന (1) പ്രകാരമുള്ള മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ 01/01/2008 മുതൽ 29/02/2016 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേക്കായി ടിയാന്റെ നിവേദനം, സേവനവിവരങ്ങൾ എന്നിവ സമർപ്പിച്ചിട്ടുണ്ട്.

ആയതു പരിശോധിച്ചതിൻ പ്രകാരം, ടിയാന് 18/03/2015-ലെ സർക്കാർ ഉത്തരവ് നമ്പർ (MS) No.20/2015/PWD പ്രകാരം ആശ്രിതനിയമനം വഴി പൊതുമരാമത്തുവകുപ്പിൽ മൂന്നാംഗ്രേഡ് ഓവർസിയറായി നിയമനം നൽകുന്നതിനുള്ള ഉത്തരവുണ്ടായിട്ടുള്ളതും, ഭരണവിഭാഗം, ചീഫ് എഞ്ചിനീയറുടെ 24/04/2015-ലെ ഉത്തരവ് നമ്പർ EB5/21862/14/ CE/PWD പ്രകാരം, പൊതുമരാമത്തുവകുപ്പ് ബിൽഡിംഗ്സ് സെക്ഷൻ കോട്ടയത്ത് നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൻ 06/05/2015-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. അരുൺ തോമസിനെ സൂചന (1) പ്രകാരമുള്ള മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/01/2008 മുതൽ 29/02/2016 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 367 (എ) എന്ന് റാങ്ക് നിശ്ചയിച്ച് ശ്രീമതി. മിനി കെ.ജി -യുടെയും (റാങ്ക് നമ്പർ 367), ശ്രീ. എസ്.എൽ വിഷ്ണുരാജിന്റെയും (റാങ്ക് നമ്പർ 368 ) മദ്ധ്യേ ഉൾപ്പെടുത്താൻ ഇതിനാൽ തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിൽ പരാതിയോ ആക്ഷേപമോ ഉള്ള ജീവനക്കാർ, ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ മേലധികാരി മുഖേന സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്ത പക്ഷം ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

Jayakumar

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

ഐറ്റി.സെൽ (ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

SW